**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5189** **02-11-2021 - ൽ മറുപടിയ്ക്ക്**

**എൻ.സി.എ ഒഴിവുകൾ സംബന്ധിച്ച് യൂണിവേഴ്സിറ്റി (രണ്ടാം ഭേദഗതി) ആക്ട് 2014 ലെ വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ദി യൂണിവേഴ്സിറ്റി നിയമങ്ങൾ (രണ്ടാം ഭേദഗതി) ആക്ട് 2014-ലെ വ്യവസ്ഥകൾ ഏതെല്ലാം സർവ്വകലാശാലകൾക്കാണ് ബാധകമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് എന്നീ സർവ്വകലാശാലകൾക്കാണ് പ്രസ്തുത വ്യവസ്ഥകൾ ബാധകമായിട്ടുള്ളത്. |
| (ബി) | പ്രസ്തുത ആക്റ്റിൽ നിലവിലുള്ള എൻ.സി.എ. ഒഴിവുകൾ നികത്തേണ്ടതില്ല എന്ന് വ്യവസ്ഥയുണ്ടോ; | (ബി) | വ്യവസ്ഥയില്ല |
| (സി) | പ്രസ്തുത ആക്ട് നിലവിൽ വന്നശേഷം ഏതെങ്കിലും സർവ്വകലാശാലകൾ അധ്യാപക നിയമനത്തിനായി എൻ.സി.എ. വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (സി) | ഉണ്ട്; ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാ ശാല എൻ.സി.എ ഒഴിവിലേക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ എൻ.സി.എ വിജ്ഞാപനം മാത്രമായി പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ വിവിധ പഠനവകുപ്പുകളിലെ അധ്യാപക ഒഴിവുകൾ നികത്തുന്നതിനായി പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾക്കൊപ്പം എൻ.സി.എ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കു ന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ